UN – 090

**III Semester B.A./B.Sc./B.C.A./B.Sc.(FAD) Examination,**
**November/December 2015**
**(CBCS) (Freshers)**
**(2015-16 and Onwards)**
**LANGUAGE MALAYALAM – III**

'ime : 3 Hours                                                                 Max. Marks : 70

I. നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ആശയം സന്ദർഭം വ്യക്തമാക്കുക). **(4×3=12)**

1) അന്നിവിടെ ദീപങ്ങൾ കത്തി നിന്നു, പൂക്കൾ
കുന്നുപോൽ കൂടിക്കിടന്നു

2) 'ഒട്ടുവിളാ നട ചാരി, വേവുന്ന വയറുമായ്
എവിടെയോ പൂജാരി പോയി'

3) 'അലറിയലറിക്കേണിരമ്പി നിൽക്കുന്നു, പൊൻസട –
തിളങ്ങും ക്രുദ്ധസിംഹം'

4) 'ഞങ്ങടെ ചിരസാധിതയാം സ്വാതന്ത്ര്യത്തിൻ
ജീവസ്സുറ്റ പ്രതീകം'

5) 'വല്ലാതെ നോക്കി നിൽക്കുന്നു, ഇല്ല, ചത്തിട്ടില്ല സിംഹം'.

II. a) ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ഒന്നരപ്പുറത്തിൽ കവിയാതെ). **(2×6=12)**

1) 'ഒരു ഗോപികയുടെ നിഷ്കാമമായ പ്രേമമാണ്' - 'കൃഷ്ണാ നീയെന്നെയറിയില്ല' എന്ന കവിതയിൽ വ്യക്തമാക്കിയിരിക്കുന്നത് – വ്യക്തമാക്കുക.

2) പ്രകൃതിസ്നേഹികളുടെ ഒരു ആത്മാവിഷ്കാരമാണ് 'മുറിവേറ്റ സിംഹം'. വിവരിക്കുക.

3) 'അമ്പലമണി'യുടെ പഴയസ്മരണകൾ എന്തെല്ലാം ?

P.T.O.

www.onlinebu.com
www.onlinebu.com

b) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നരപുറത്തിൽ** കവിയാതെ). **(2×6=12)**

1) ഔസേപ്പ് ചേട്ടനും, കണ്ണനും തമ്മിലുള്ള ബന്ധം വിവരിക്കുക.

2) 'ഒരു മനുഷ്യൻ' എന്ന കഥ ഒരു യാഥാർത്ഥ്യമാണ് – വിലയിരുത്തുക.

3) കത്രീക്കുട്ടി എന്ന കഥാപാത്രം.

III. ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടരപുറത്തിൽ** കവിയാതെ). **(1×14=14)**

1) 'കൃഷ്ണാ, നീയെന്നെയറിയില്ല' എന്ന കവിതയ്ക്ക് ആസ്വാദനമെഴുതുക.

2) നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കവിതയുടെ പ്രാധാന്യത്തിലേയ്ക്ക് വിരൽ ചൂണ്ടുന്ന കവിതയാണ് 'അമ്പലമണി' – വിലയിരുത്തുക.

IV. ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടരപുറത്തിൽ** കവിയാതെ). **(1×14=14)**

1) 'രാച്ചിയമ്മ' എന്ന ശക്തമായ, സ്ത്രീകഥാപാത്രത്തെ ആവിഷ്കരിക്കുന്ന ഒരു ചെറുകഥയാണ് 'രാച്ചിയമ്മ' – വിവരിക്കുക.

2) 'സ്വാതന്ത്ര്യത്തെ സ്വപ്നം കാണുന്ന മനുഷ്യമനസ്സാണ് കവിയുടേത്', വിവരിക്കുക.

V. ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. **3**

സ്ത്രീ മുൻകൈയെടുക്കുന്ന 'ഒരു മന:സ്ഥിതി പ്രസ്ഥാനം' സ്ത്രീബോധത്തിൽ നിന്നും, സ്ത്രീ ശക്തിയിൽ നിന്നും ഉരുത്തിരിഞ്ഞുയരേണ്ടിയിരിക്കുന്നു. വർഷം തോറും പത്തുലക്ഷം കൗമാരഗർഭങ്ങളും അഞ്ചുലക്ഷം ഗർഭച്ഛിദ്രങ്ങളും സംഭവിക്കുന്ന അമേരിക്കയിൽ സിനിമാ ചാനൽ മുതലാളിത്തം, സംഘടിത പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി ഇന്ന് നിയന്ത്രണങ്ങൾക്ക് വിധേയരായി വരികയാണത്രെ. ഇന്ത്യയിലെ അവരുടെ പ്രതിപുരുഷന്മാരേയും ദേശീയ മാധ്യമങ്ങളുടെ തന്നെ സാരഥികളേയും നേർവഴിക്ക് കൊണ്ടുവരാൻ ചൈതന്യവത്തായ ഒരു മന:സ്ഥിതി പ്രസ്ഥാനത്തിന് കഴിയണം. 'ഇംപ്ലാൻടേഷൻ' ചെയ്ത ശരീരങ്ങൾകൊണ്ട് കമ്പനം സൃഷ്ടിക്കുന്ന, തങ്ങൾ ചെയ്യുന്ന തെന്തെന്നറിയാത്ത ശരീരസുന്ദരിമാരുടെ തലച്ചോറുകളിൽ അവരുടെ ചെയ്തികളുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് ഇത്തിരി വെളിച്ചമിറ്റിക്കുവാനും ഈ പ്രസ്ഥാനത്തിന് കഴിയണം. എല്ലാത്തരം മാനസ ദൂഷണങ്ങൾക്കുമെതിരെ ഒരു കാവൽ സേനയെ സജ്ജമാക്കുക എന്നതാവണം പ്രസ്ഥാനത്തിന്റെ വിശാലമായ കർമ്മപരിപാടി.

VI. നിങ്ങൾക്കിഷ്ടപ്പെട്ട (ഒരു കവിയെക്കുറിച്ച്) എഴുതുക. **3**

1) കുമാരനാശാൻ

2) വൈലോപ്പിള്ളി.

www.onlinebu.com

www.onlinebu.com